പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1349 02.05.2017-ലെ മറുപടിക്ക്

# കെ.എസ്.ആർ.ടി.സി. ബസ്സുകൾ സി.എൻ.ജി. യിലേക്ക് മാറ്റുന്ന നടപടി

ചോദ്യം
ശ്രീ. സി. ദിവാകരൻ

ഉത്തരം
തോമസ് ചാണ്ടി
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. ബസ്സുകൾ സി.എൻ.ജി. യിലേക്ക് മാറ്റുന്ന നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി.യെ ശാക്തീകരിക്കാനായി പരിസ്ഥിതി സൗഹൃദ വാതകം ഇന്ധനമായി ഉപയോഗിക്കുന്ന 1000 ബസുകൾ അടുത്ത 5 വർഷം കൊണ്ട് നിരത്തിലിറക്കുവാനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രകൃതി സൗഹൃദ വാതകം ഇന്ധനമായി ഉപയോഗിക്കുന്ന ബസുകൾ നിരത്തിലിറക്കുന്നതിനുള്ള ആദ്യഗഡുവായി 50 കോടി രൂപയാണ് പ്രതീക്ഷിക്കുന്ന ചെലവ്. ഇതു സംബന്ധിച്ച കരട് പ്രോജക്ട് റിപ്പോർട്ട് (DPR) KIIFB മുമ്പാകെ സമർപ്പിച്ചുകഴിഞ്ഞു. കേരളത്തിലെ റോഡുകളിൽ ഇത്തരം ബസ്സുകളുടെ ഉപയോഗ ക്ഷമത നിരീക്ഷിക്കുന്നതിനായി 2 സി.എൻ.ജി ബസ്സുകൾക്ക് പർചേയ്സ് ഓർഡർ നൽകിയതിൽ ഒരു ബസ്സ് ലഭ്യമായിട്ടുണ്ട്. നിലവിൽ സി.എൻ.ജി. ഇന്ധനം കൊച്ചിയിൽ ലഭ്യമാണ്. എന്നാൽ ഇവ വാഹനങ്ങളിൽ നിറയ്ക്കുന്നതിന് ആവശ്യമായ Dispensing Unit-കൾ നിലവിൽ കേരള ത്തിൽ സ്ഥാപിതമായിട്ടില്ല. |

| | | | |
|---|---|---|---|
| | | | കൊച്ചി നഗരത്തിൽ സി.എൻ.ജി. ഇന്ധനം വിതരണം നടത്തുന്നതിന് വിതരണാവകാശം ലഭിച്ച ഐ.ഒ.സി.യുമായി നിരവധി തവണ ചർച്ചകൾ നടത്തുകയും കെ.എസ്.ആർ.ടി.സി.യുടെ ആലുവ റീജിയണൽ വർക്ക്ഷോപ്പിലും തേവരയിലും, സി.എൻ.ജി. Dispensing Unit-കൾ സ്ഥാപിച്ച് ഇന്ധനം വിതരണം നടത്തുന്നതിനുള്ള പ്രാരംഭ നടപടികൾ തുടങ്ങി കഴിഞ്ഞു. |
| (ബി) | കെ. എസ്. ആർ. ടി. സി. ഇതുവരെ എത്ര സി. എൻ. ജി. ബസ്സുകൾ നിരത്തിലിറക്കിയെന്നും, ഓപ്പറേറ്റ് ചെയ്യുന്ന ഡിപ്പോ, റൂട്ട് എന്നിവയും വ്യക്തമാക്കുമോ; | (ബി) | പരീക്ഷണാടിസ്ഥാനത്തിൽ ഓടിക്കുന്നതിന് രണ്ടു ബസുകൾക്ക് പർച്ചേയ്സ് ഓർഡർ നല്കിയതിൽ ഒരു ബസ് ലഭിച്ചു കഴിഞ്ഞു. ഈ വാഹനത്തിന്റെ രജിസ്ട്രേഷൻ നടപടികൾ നടന്നുവരുന്നു. നിലവിൽ സി.എൻ.ജി ഇന്ധനം കൊച്ചിയിൽ ലഭ്യമാണെങ്കിലും വാഹനങ്ങളിൽ നിറയ്ക്കുന്നതിനാവശ്യമായ ഡിസ്പെൻസിംഗ് യൂണിറ്റുകൾ കേരളത്തിലെവിടെയും സ്ഥാപിച്ചിട്ടില്ല. ഡിസ്പെൻസിംഗ് യൂണിറ്റുകൾ സ്ഥാപിച്ചാൽ മാത്രമേ വാഹനങ്ങളിൽ സി.എൻ.ജി ഇന്ധനം നിറച്ച് സർവീസ് നടത്തുവാൻ കഴിയൂ. |
| (സി) | 2017-18 വർഷത്തിൽ എത്ര സി. എൻ. ജി. ബസ്സുകൾ നിരത്തിലിറക്കാനാകും എന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | സി.എൻ.ജി. ഇന്ധനം ലഭ്യമാകുന്നതോടെ കൊച്ചി നഗരത്തിൽ പ്രാഥമികമായി പ്രസ്തുത ഇന്ധനം ഉപയോഗിച്ച് ഓടിക്കാവുന്ന 100 കെ.എസ്.ആർ.ടി.സി ബസുകൾ നിരത്തിലിറക്കാനാകുമെന്നും കൂടാതെ മറ്റു സ്ഥലങ്ങളിൽ സി.എൻ.ജി. ഇന്ധനം ലഭ്യമാകുന്നതോടെ, തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, കണ്ണൂർ, കോഴിക്കോട് എന്നീ നഗരങ്ങളിൽ 50 ബസുകൾ വീതം നിരത്തിലിറക്കാനാകുമെന്നും പ്രതീക്ഷിക്കുന്നു. |

**സെക്ഷൻ ഓഫീസർ**